അടിയന്തരപ്രമേയം

ഇസ്ഹാഖിന്റെ കൊലപാതകം

മി. സ്പീക്കർ: താനൂരിലെ മുസ്ലീംലീഗ് പ്രവർത്തകനായ ഇസ്ഹാഖിന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ സംരക്ഷിക്കാനും കേസന്വേഷണം അട്ടിമറിക്കാനും നടക്കുന്നതായി പറയപ്പെടുന്ന നടപടികൾമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷവും കേസ് അന്വേഷണം ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകതയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ താനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അഞ്ചുടിയിൽ വച്ച് ഇസ്ഹാഖ് എന്നു വിളിക്കുന്ന റഫീഖിനെ ഒക്ടോബർ 24-ാം തീയതി രാത്രി 7.45-ന് മാരകായുധങ്ങൾകൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയും ചികിത്സയ്ക്കായി കൊണ്ടുപോകുന്ന വഴി മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിന് താനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 409/19 ആയി IPC 143, 147, 148, 149,

302 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് താനൂർ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തി വരുന്നു. ഈ കേസിൽ ഒന്നാം പ്രതിയായ അബ്ദുൾ മുഫീസിനേയും നാലാം പ്രതിയായ മഷ്ഹൂദിനേയും അഞ്ചാം പ്രതിയായ താഹമോനെയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കേസ്സിൽ മൂന്ന് പ്രതികളെക്കൂടി തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ കേസ്സിലെ അഞ്ചാം പ്രതിയായ താഹമോന്റെ ജ്യേഷ്ഠനായ ഷംസുദ്ദീനെ 04.03.2019-ൽ മുസ്ലീംലീഗ് പ്രവർത്തകർ മാരകമായി ആക്രമിച്ച് പരിക്കേൽപ്പിച്ചിരുന്നു. ആ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരികയാണ്. സഹോദരനെ ആക്രമിച്ചതിനെ തുടർന്നുള്ള വിരോധം നിമിത്തമാണ് റഫീഖിനെ പ്രതികൾ ആക്രമിക്കാൻ കാരണമെന്നാണ് അന്വേഷണത്തിലെ പ്രാഥമിക നിഗമനം. രാഷ്ട്രീയ സംഘർഷങ്ങൾ കുറച്ചുകൊണ്ടുവരുന്നതിലും സമാധാനാന്തരീക്ഷത്തിലേക്ക് നാടിനെ കൊണ്ടുവരുന്നതിലും സർക്കാർ സമയോചിതമായ ഇടപെടലുകളാണ് എല്ലാ അവസരത്തിലും നടത്തിയിട്ടുള്ളത്. സംഘർഷത്തിലേയ്ക്ക് നയിക്കാവുന്ന ചെറിയ ചെറിയ സംഭവങ്ങൾപോലും സമയോചിതമായി ഇടപെട്ട് ഇല്ലാതാക്കാൻ

പോലീസിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം ജാതീയമായ സംഘർഷങ്ങളും വർഗ്ഗീയ സംഘർഷങ്ങളും ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കുറ്റകൃത്യങ്ങൾ ആര് നടത്തിയാലും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തെളിയിക്കപ്പെടാത്ത കേസ്സുകൾപോലും ശാസ്ത്രീയ രീതിയിലൂടെ പഴുതടച്ചുള്ള അന്വേഷണം നടത്തി തെളിയിക്കപ്പെടുന്ന സാഹചര്യമാണിന്നുള്ളത്. നിരവധി കേസ്സുകളിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാൻ കഴിഞ്ഞത് സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമാണ്. അതോടൊപ്പം വീഴ്ചകൾ സംഭവിക്കുന്ന ഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകളും സർക്കാർ നടത്താറുണ്ട്. ഈ കേസ്സിൽ ശരിയായ രീതിയിൽ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു അടിയന്തര സാഹചര്യവുമില്ല.

<u>ഡോ. എം. കെ. മുനീർ</u>: സർ, നെഞ്ചിനുള്ളിൽ ഹൃദയമുണ്ടെങ്കിൽ കണ്ണുനീരോടുകൂടിയല്ലാതെ നമുക്ക് ഈ സംഭവം ഓർക്കാൻ കഴിയില്ല. അഞ്ചുടിയിലെ കുപ്പന്റെ പുരയ്ക്കൽ ഇസ്ഹാഖ് ഒരു പാവമായിരുന്നു. അന്നത്തെ

ദിവസം മഗ്‌രിബ് പ്രാർത്ഥനയ്ക്കുശേഷം വീട്ടിൽ നിന്ന് ഖുർ-ആൻ പാരായണം ചെയ്ത് 50 മീറ്റർ അകലെയുള്ള പള്ളിയിലേക്ക് ഇഷാ നമസ്കാരത്തിന് അദ്ദേഹം ഇറങ്ങിയതായിരുന്നു. പിന്നെ ഇരുട്ടിൽനിന്നും ഒരു നിലവിളിയാണ് കേൾക്കുന്നത്. അവിടേയ്ക്ക് അനുജൻ നൗഫൽ ഓടിച്ചെന്നു. ഉമ്മ കുഞ്ഞുമോൾ ആ രംഗം വിവരിക്കുന്നുണ്ട്, ഞാൻ അങ്ങോട്ട് ചെല്ലുമ്പോൾ ഒരു ആർത്തനാദം പോലെ അവൻ പൊട്ടി കരയുന്നതാണ് കേൾക്കുന്നത്, ഫ്യൂസ് ഊരി മാറ്റിയതുകൊണ്ട് അവിടെ ഇരുട്ടായിരുന്നു, പക്ഷെ അതിനിടയിൽ അവന്റെ മൊബൈൽ കണ്ടു. അവന്റെ ഭാര്യ ആരിഫ പറഞ്ഞു, ഇക്കാക്കയുടെ കുടയാണ് അവിടെ കിടക്കുന്നത്. നൗഫലും ഉമ്മയും അവിടേയ്ക്ക് ചെന്നപ്പോഴുള്ള രംഗം ഉമ്മ വിവരിക്കുന്നുണ്ട്, എന്റെ മകന്റെ രണ്ട് കാലുകളും അറ്റുപോയിരിക്കുന്നു, രണ്ട് കൈകളും വെട്ടി തറച്ചിരിക്കുന്നു, അവൻ എഴുന്നേറ്റിരുന്ന് വാവിട്ടുകരയുകയാണ്. അവനെ അവിടെനിന്നും ഖാദർ എന്നു വിളിക്കുന്ന ഇളയാപ്പ കയ്യിൽ കോരിയെടുത്ത് ആംബുലൻസിൽ തിരൂർ ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇളയാപ്പ ഖാദറിന്റെയൊരു സ്മരണയിൽ പറഞ്ഞത്, ഞാൻ അവനെ കോരിയെടുക്കുമ്പോൾ അവന്റെ കാലുകൾ അറ്റ് തൂങ്ങിക്കിടക്കുകയായിരുന്നു എന്നാണ്. അവന്റെ കൈകൾ വെട്ടിനുറുക്കി

അതിൽനിന്നും മാംസം പുറത്തു വന്നിട്ടുണ്ടായിരുന്നു. ഇവനെ ഇനി നീ ജീവിപ്പിക്കല്ലേയെന്ന് ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. ഒരു മൃതശരീരത്തോടുപോലും എങ്ങനെ പെരുമാറണമെന്നറിയാത്ത ഈ കാടത്തത്തിനെ എന്ത് പേര് പറഞ്ഞാണ് വിളിക്കേണ്ടത്. 2001-ൽ ഇതുപോലെതന്നെ ഒരു സഹോദരനെ കൊലപ്പെടുത്തിയിരുന്നു. ...(ബഹളം)....

മി. സ്പീക്കർ: ദയവായി മര്യാദ വിടരുത്. ഇങ്ങനെ പ്രകോപിതരാകരുത്. പ്ലീസ്.....(ബഹളം).... ഇരിക്കൂ, പ്ലീസ്... അങ്ങ് സംസാരിക്കൂ.

ഡോ. എം. കെ. മുനീർ: 2001 ജൂലൈയിൽ ഉണ്ണിയാലിൽ കുമ്മട്ടകത്ത് റാസിഖിനെ കൊലചെയ്തു. റാസിഖ് വെള്ളത്തിനുവേണ്ടി ദാഹിച്ച് വായ തുറന്നപ്പോൾ അവന്റെ വായ്ക്കകത്ത് മണ്ണും പുല്ലും വാരി നിറച്ചു. ഡോക്ടർ പോസ്റ്റ്മോർട്ടം ചെയ്തപ്പോൾ ആദ്യം അവന്റെ വായിൽനിന്നും മണ്ണും പുല്ലും പുറത്തെടുത്തു. ഇത്രയും നികൃഷ്ടമായ രീതിയിൽ കൊലപാതകം നടത്താൻ എങ്ങനെ സാധിക്കുന്നു. മുഖ്യമന്ത്രിയുടെ മറുപടിയോട് ഞങ്ങൾക്കുള്ള പ്രതിഷേധം, അദ്ദേഹം മുസ്ലീം ലീഗിന്റെ പ്രവർത്തകരെന്ന് പേര് പറഞ്ഞ്

ആക്രമിച്ച കാര്യം പറഞ്ഞപ്പോഴും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരാണ് പ്രതികളെന്ന് പറയാനുള്ള ധൈര്യം കാണിച്ചിട്ടില്ല. ഒരു മുഖ്യമന്ത്രിയിൽനിന്നും ഞങ്ങൾ നിഷ്പക്ഷത എപ്പോഴും ആഗ്രഹിക്കുന്നുണ്ട്. ഷംസുവിന്റെ കാര്യമിവിടെ പറഞ്ഞു. ഷംസുവിന്റേത് 6 മാസം മുൻപ് നടന്ന ഒരു സംഭവമാണ്. പക്ഷേ അതിനുശേഷം അനേകം സമാധാന ചർച്ചകൾ അവിടെ നടന്നു. ശ്രീ. പാലോളി മുഹമ്മദ്കുട്ടി സാഹിബ് നേതൃത്വം കൊടുത്തു. സയ്യിദ് സാദിഖ് അലി ഷിഹാബ് തങ്ങളും കുഞ്ഞാലിക്കുട്ടി സാഹിബുമടക്കം മൂന്നോ നാലോ തവണ സമാധാന ചർച്ചകൾ നടത്തി. സമാധാനം എല്ലാവർക്കും വേണം. പക്ഷേ ഭരിക്കുന്നവർക്ക് കൂടുതൽ സമാധാനം ആവശ്യമാണ്, അതവരുടെ ചുമതലയാണ്. പക്ഷെ നിങ്ങൾക്ക് സമാധാനം വേണ്ട. കാരണം സമാധാനത്തിലൂടെ ആ പാർട്ടിക്ക് വളരാൻ കഴിയില്ലായെന്നുള്ളതുകൊണ്ട് അക്രമം തന്നെയാണ് നിങ്ങളുടെ ഭാഷ. ഷംസുവിന്റെ സംഭവത്തിനുശേഷം താനൂർ നഗരസഭയുടെ കൗൺസിലറെ നിങ്ങൾ വെട്ടിയില്ലേ? സമാധാന

ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ മൊയ്തീൻകുട്ടിയെ വെട്ടിയില്ലേ? പക്ഷേ ആ വെട്ടുകൊണ്ട നഗരസഭയുടെ കൗൺസിലർ ശ്രീ. അബ്ദുൾസലാമാണ് പിന്നീട് അവിടത്തെ എല്ലാ വീടുകളിലും കയറിയിറങ്ങി സമാധാന ചർച്ചയ്ക്ക് നേതൃത്വം കൊടുത്തിട്ടുള്ളത്. താനൂരിൽ 60 വർഷം മുസ്ലീംലീഗിന്റെ എം.എൽ.എ-യുണ്ടായിരുന്നു. ഒറ്റ മാർക്സിസ്റ്റുകാരനെപോലും അവിടെ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ നിങ്ങൾ മൂന്നര വർഷമായപ്പോഴേയ്ക്കും ഞങ്ങളുടെ വിലപ്പെട്ട ഒരു ജീവൻ എടുത്തിരിക്കുന്നുവെന്നുള്ളത് ഈ സംഭവത്തിന്റെ ഗൗരവം വിളിച്ചോതുന്നതാണ്. ഞങ്ങൾക്ക് പല സംശയങ്ങളും സ്വാഭാവികമായി ഉണ്ടായിക്കൂടേ. കൂടത്തായിയിൽ നടന്നിട്ടുള്ള എല്ലാ കൊലപാതകങ്ങളുടെയും സമയത്ത് ജോളിയുടെ സാന്നിദ്ധ്യം അവിടെയുണ്ടായിരുന്നുവെന്ന് പറഞ്ഞതുപോലെ കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുമ്പോഴൊക്കെത്തന്നെ ഒരു മാർക്സിസ്റ്റ് നേതാവിന്റെ സാന്നിദ്ധ്യം അവിടെയുണ്ടാകുന്നു. അദ്ദേഹവുമായിട്ടുള്ള നിങ്ങളുടെ ഇപ്പോഴത്തെ സമവാക്യം എന്താണെന്ന് എനിക്കറിയില്ല. അദ്ദേഹം മാർക്സിസ്റ്റ് പാർട്ടിയിൽതന്നെയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം ഒക്ടോബർ 11-ന് അവിടെ വരുന്നു, അതിനുശേഷം, ഞാൻ പേരുതന്നെ പറയാം; ശ്രീ. പി.

ജയരാജനെന്ന് പറയുന്ന, നിങ്ങൾ ബിംബമെന്ന് പറയുന്ന (....ബഹളം....) അദ്ദേഹം ഒക്ടോബർ 11-ന് അവിടെ വന്നശേഷം വാട്സ്ആപ്പിൽ (....ബഹളം....) ഇനി ഏഴ് ദിവസം, ആറ് ദിവസം, അഞ്ച് ദിവസം, മൂന്ന് ദിവസം, ഒരു ദിവസമെന്നുപറഞ്ഞ് കൗണ്ട്ഡൗൺ തുടങ്ങുകയാണ്. പിറ്റേ ദിവസം മുഫീസും താഹമോനും മഷ്ഹൂദും അടക്കം ഇപ്പോൾ പിടിയിലായ ആളുകൾക്ക് വാട്സ്ആപ്പിൽ മെസ്സേജ് അയയ്ക്കുകയാണ്, ഇവർ ഒരുമിച്ചുകൂടിയ അതേദിവസം ആ കൊലപാതകം നടക്കുകയാണ്. ഒരു പെറ്റി കേസിൽപ്പോലും പ്രതിയല്ലാത്ത പ്രിയപ്പെട്ട ഒരു സഹോദരനെയാണ് അവർ വെട്ടിക്കൊന്നത്. ഒരു പെറ്റി കേസിൽപ്പോലും പ്രതിയല്ല. ഞാൻ ചോദിക്കട്ടെ; ഇന്ന് രാവിലെ ഏഴരമണിക്ക് ഈ മൂന്ന് പ്രതികളെയും ആയുധം കണ്ടുപിടിക്കുന്നതിനുവേണ്ടി കൊണ്ടുപോയി. ആയുധം കണ്ടെടുത്തിരിക്കുന്നത് എവിടെ നിന്നാണെന്നറിയാമോ? അവിടത്തെ ജില്ലാ സെക്രട്ടേറിയേറ്റ് അംഗമായിട്ടുള്ള ശ്രീ. പി. ജയന്റെ വീടിന്റെ നേരെ എതിർവശത്തുള്ള സ്ഥലത്തുനിന്നും ഇന്ന് ആയുധങ്ങൾ കണ്ടെടുത്തിരിക്കുന്നു. ഈ ഫോട്ടോയിൽ അദ്ദേഹവും കൂടെയുണ്ടെന്ന് പറയുമ്പോൾ, ഇതാണ് ഞാൻ പറഞ്ഞ ബിംബവും അവിടത്തെ സെക്രട്ടേറിയേറ്റ് അംഗവും പ്രതികളും ഒരുമിച്ചുനിൽക്കുന്ന ഫോട്ടോ. (ഫോട്ടോ

ഉയർത്തിക്കാണിച്ചു). ഒക്ടോബർ 11-ന് ഇവർ ഒരുമിച്ചുകാണുന്നു. 24-ാം തീയതി സംഭവമുണ്ടാകുന്നു. എന്തുകൊണ്ടാണ് അങ്ങ് ആ പ്രതികളുടെ കൂട്ടത്തിൽ ഇപ്പുറത്ത് മുസ്ലീം ലീഗെന്നുപറയുമ്പോൾ അപ്പുറത്ത് മാർക്സിസ്റ്റ് പാർട്ടി എന്ന് പറയാനുള്ള ധൈര്യം കാണിക്കാത്തത്? എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്ന് ജനുവരിയിൽ ചോദിച്ച ഒരു ചോദ്യത്തിന് അങ്ങ് തന്നെ തന്നിട്ടുള്ള മറുപടിയാണ്; 19 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിന്റെ ഒരു ലിസ്റ്റ് തന്നിട്ടുണ്ട്. ആ ലിസ്റ്റിൽ ഒരു ഭാഗത്ത് പ്രതിയുടെ പാർട്ടി എന്നുപറയുന്ന ഒരു കോളമുണ്ട്. ആ പത്തൊൻപത് കേസിൽ പതിനഞ്ചിലും പ്രതിയുടെ പാർട്ടി സി.പി.ഐ.(എം.) ആണെന്ന് അങ്ങ് തന്നെ മറുപടി തന്നിട്ടുണ്ട്. ഞാൻ ഉറപ്പിച്ചുപറയുന്നു, ഞങ്ങൾ അടുത്തൊരുചോദ്യം ഇതുപോലെ ചോദിക്കുമ്പോൾ ഈ കോളത്തിൽ പ്രതിയുടെ പാർട്ടി മാർക്സിസ്റ്റ് പാർട്ടിയെന്നെഴുതിക്കൊണ്ടുള്ള അങ്ങയുടെ മറുപടി ഇവിടെ വരുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. പക്ഷേ എന്തുകൊണ്ട് അങ്ങേയ്ക്ക് ഇപ്പോൾ ഈ സഭയിൽ പറയാൻ ധൈര്യമില്ല; ഈ കേസ് ലോക്കൽ പോലീസ് എത്രമാത്രം ആത്മാർത്ഥമായി ചെയ്യുമെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. സാധാരണ ഇത്തരം സംഭവങ്ങളിൽ ഒരു സ്പെഷ്യൽ ടീം വന്ന് കേസ് അന്വേഷിക്കാറില്ലേ; എന്തുകൊണ്ടാണ് ഈ കേസിനെ സംബന്ധിച്ച് വളരെ

ലാഘവത്തിൽ പറഞ്ഞത്? ഇത്രയും ചെറിയൊരു മറുപടി ഇതുവരെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും കേട്ടിട്ടില്ല. അങ്ങ് ഈ കേസിനെ എത്ര നിസ്സാരമായി കാണുന്നു? അവിടെ സമാധാനം വേണ്ടേ. രണ്ട് വർഷം മുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ വ്യാപാര വ്യവസായ ഹാളിൽ വച്ചൊരു ചർച്ച നടത്തി 11 തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിൽ എത്ര തീരുമാനങ്ങൾ നടപ്പിലാക്കി; ആ 11 തീരുമാനങ്ങൾ നടപ്പിലാക്കാത്തതിന്റെ പേരിൽ ഇപ്പോഴും ആ തീരദേശം അശാന്തിയിലല്ലേ, അങ്ങയുടെ കൂടി പ്രദേശമല്ലേ ആ തീരദേശം, ആ തീരദേശത്തിന്റെ ശാന്തി ആ മേഖലയിൽ മുഴവനുമുണ്ടാകണ്ടേ? ഞങ്ങൾ എത്ര വിട്ടുവീഴ്ച ചെയ്തു, ഞങ്ങൾ ഇനിയും വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാണ്. പക്ഷേ നിങ്ങളിത് നിർത്തുന്നില്ലല്ലോ. ഈ കൊലപാതകങ്ങൾ നിരന്തരമായി ഇങ്ങനെ ആവർത്തിക്കപ്പെടുന്നതെന്തുകൊണ്ടാണ്? അതിൽ എന്തുകൊണ്ടാണ് ഒരുപക്ഷത്തെപ്പോഴും നിങ്ങൾ മാത്രം നിൽക്കുന്നത്. ആ കുടുംബത്തിലെ ശ്രീമതി ആരിഫ എന്ന വിധവയുൾപ്പെടെ എത്ര വിധവകളെ നിങ്ങൾ കേരളത്തിലുണ്ടാക്കി.

<u>മി. സ്പീക്കർ</u>: 10 മിനിട്ടായി, പ്ലീസ് കൺക്ലൂഡ്.

ഡോ. എം. കെ. മുനീർ: ഞാൻ കൺക്ലൂഡ് ചെയ്യാം. എനിക്ക് അങ്ങയോട് പറയാനുള്ളത് ഞങ്ങൾക്ക് ഇതിനകത്ത് ചില തീരുമാനങ്ങളറിയണം. അങ്ങ് പറയുന്നതുപോലെ അതൊരു കുടുംബ വൈരാഗ്യമാണെന്നോ അല്ലെങ്കിൽ വ്യക്തിപരമായ വൈരാഗ്യമാണെന്നോ പറഞ്ഞ് തീർക്കാനാണോ? അവിടെ വൈരാഗ്യമാണോ. അങ്ങേയ്ക്കറിയില്ലേ; അവിടെ രാഷ്ട്രീയപരമായുള്ള പ്രശ്നങ്ങളല്ലേ ഇത്രയുംനാൾ നടന്നിട്ടുള്ളത്? ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയാണ് എപ്പോഴും. ഞങ്ങൾ സമാധാനത്തിനും ശാന്തിക്കുംവേണ്ടി ശ്രമിക്കുമ്പോൾ...., അതുകൊണ്ട് ഇതിൽ പ്രത്യേകമായ ഒരന്വേഷണ സംഘത്തെ വച്ചുകൊണ്ട് ശക്തമായിട്ടുള്ള ഒരന്വേഷണം വേണം. ആ നിരാലംബരായ കുടുംബത്തെ...., ഇപ്പോഴും അവിടുത്തെ ജനപ്രതിനിധി ആ വീട്ടിൽ ഒന്ന് പോയിട്ടില്ല. ആ വീടിന്റെ തൊട്ടടുത്ത് വന്നിട്ടും ആ വീട്ടിൽ പോയിട്ടില്ല. ആരെയാണ് അവർ ആശ്രയിക്കേണ്ടത്; അവിടെയൊരു ജനപ്രതിനിധിയുണ്ടെങ്കിൽ രാഷ്ട്രീയം മറന്നുകൊണ്ട് ഒരു കൊലപാതകം നടക്കുമ്പോൾ ആ വീട്ടിൽ പോകേണ്ട ന്യായമായ മര്യാദയില്ലേ. അവിടത്തെ ബഹുമാനപ്പെട്ട കളക്ടർ ഇതുവരെ സമാധാന ചർച്ച വിളിച്ചിട്ടില്ല. ഞങ്ങൾക്ക് പേടിയുണ്ട്. സമാധാന ചർച്ച വിളിക്കാതിരിക്കുമ്പോഴൊക്കെ മറ്റെന്തോ ഗൂഢമായിട്ടുള്ളെ ഒരു ആലോചനകൂടി

നടക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അങ്ങേയ്ക്ക് എന്റെ പ്രസംഗം നിർത്താൻ സാധിക്കും. പക്ഷേ, ആ കുഞ്ഞുമോളുടെയും ആരിഫ എന്ന വിധവയുടെയും നെഞ്ചിൽനിന്നും പൊട്ടിവരുന്ന കണ്ണുനീർ നിർത്തുവാൻ കഴിയില്ല. അത് കാലാകാലത്തേയ്ക്കുള്ള കണ്ണുനീരാണ്. ആ കണ്ണുനീർ അവസാനിപ്പിക്കുന്നതിനുവേണ്ടി എന്താണ് ഈ ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്.

മി. സ്പീക്കർ: ശ്രീ. വി. അബ്ദുറഹിമാൻ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നടന്ന സംഭവമായതുകൊണ്ട് രണ്ട് മിനിട്ട് സംസാരിക്കുന്നതിനായി എഴുതി നൽകിയിട്ടുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഒരു സിനിമാ തിരക്കഥപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ച കഥകൾ കേൾക്കാൻ വളരെ ഇമ്പമുള്ളതാണ്. (.....ബഹളം.....)

മി. സ്പീക്കർ: ശ്രീ. വി. അബ്ദുറഹിമാന്റെ മണ്ഡലത്തിൽ നടന്ന സംഭവമെന്ന നിലയ്ക്ക് അങ്ങേയ്ക്ക് പറയാനുള്ളത് വേഗം പറയൂ.(.....ബഹളം.....) നിങ്ങൾ ഇരിക്കൂ. അദ്ദേഹം തുടങ്ങിയതേയുള്ളൂ... രണ്ട് മിനിട്ട് സംസാരിച്ചിട്ട് ഇരിക്കൂ. (.....ബഹളം.....) ദയവായി ഇരിക്കൂ. (.....ബഹളം.....) പ്ലീസ്... പ്ലീസ്...

നിങ്ങൾ അവിടെ ഇരിക്കു. അദ്ദേഹം സംസാരിക്കട്ടെ. (.....ബഹളം.....) ശ്രീ. വി. അബ്ദുറഹിമാൻ അങ്ങ് സംസാരിക്കു. (.....ബഹളം.....). അങ്ങയുടെ മണ്ഡലത്തിലെ കാര്യം എന്ന നിലയ്ക്ക് എഴുതിനൽകിയതിനാൽ അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അഞ്ചുടിയിൽ നടന്ന ഈ കൊലപാതകത്തിനുമുൻപ് അവിടെ പള്ളിയിൽവച്ചുണ്ടായ ഒരു കണക്കുമായുള്ള തർക്കമാണ് ഈ കൊലപാതകത്തിന് ആധാരമായിട്ടുള്ള കാര്യം. ഇക്കാര്യത്തെക്കുറിച്ചാണ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണം മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതും അത്തരത്തിലൊരു അന്വേഷണം ഇപ്പോൾ നടക്കുന്നതും. അങ്ങ് പറഞ്ഞല്ലോ; ജീവച്ഛവമായി കിടക്കുന്ന എട്ടോളം സി.പി.ഐ.(എം.) പ്രവർത്തകരിൽ ഒന്ന് ഷംസുവാണ്, മറ്റൊന്ന് പരീദാണ്. (ഒരു ചിത്രം ഉയർത്തിക്കാട്ടി). എട്ടോളം വരുന്ന സി.പി.ഐ.(എം.) പ്രവർത്തകരുടെ, അങ്ങ് പറഞ്ഞ നെഞ്ചുപൊള്ളുന്ന, ഹൃദയം പൊട്ടിത്തെറിക്കുന്ന കഥ നിങ്ങൾക്ക് അറിയാമെങ്കിൽ ഇതിനുത്തരം പറയണം. അവിടെ രാഷ്ട്രീയമായൊരു കൊലപാതകവും നടന്നിട്ടില്ല. അവിടെ നടന്നത് മുസ്ലീംലീഗിന്റെ പള്ളികൾ വെട്ടിപ്പിടിക്കാനും പള്ളികളിൽ അധികാരം സ്ഥാപിക്കുന്നതിനുംവേണ്ടിയുള്ള

ആസൂത്രിതമായ അക്രമമാണ്. ആ ആക്രമണത്തിനെതിരായി ആ നാട്ടിലെ ജനങ്ങൾ പ്രതികരിച്ചതിന്റെ ഭാഗമായാണ് ഈ കൊലപാതകം നടന്നത്. കാരണം ....(ബഹളം)..... ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ്കുട്ടിയും ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടിയും അടങ്ങുന്ന സംഘം സമാധാനത്തിന് ആഹ്വാനം നൽകുകയും നിരവധി അക്രമങ്ങൾ മുസ്ലീംലീഗിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമ്പോൾ അതിനെയെല്ലാം സമാധാനമാർഗ്ഗത്തിലൂടെ, സമാധാനം നിലനിർത്തുന്നതിനുവേണ്ടി ത്യാഗം സഹിച്ച പാർട്ടിയാണ് സി.പി.ഐ.(എം.)-ഉം ഇടതുപക്ഷജനാധിപത്യമുന്നണിയുമെന്ന് നിങ്ങൾ മനസ്സിലാക്കണം. ....(ബഹളം).....

മി. സ്പീക്കർ: ഇവിടെ കീഴ്വഴക്കമുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: ഈ കൊലപാതകത്തെ രാഷ്ട്രീയമായി ചിത്രീകരിക്കേണ്ടതില്ല. ഷംസുദ്ദീന്റെ ബന്ധുക്കളും അദ്ദേഹത്തിന്റെ അനുജനടക്കമുള്ളവരും ചെയ്ത കൊലപാതകമാണിത്. പാർട്ടിയുമായി യാതൊരു ബന്ധവുമില്ല. മുസ്ലീംലീഗ് ആദ്യമായി താനൂരിൽ അക്രമങ്ങൾ നിർത്തുക. കഴിഞ്ഞ മൂന്നുവർഷമായി ഞങ്ങൾ ഇതുതന്നെയാണ് ആവർത്തിക്കുന്നത്. താനൂരിൽ മുസ്ലീംലീഗിന്റെ അക്രമപ്രവർത്തനങ്ങൾ

അവസാനിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇരിക്കു... പ്ലീസ് സീറ്റുകളിൽ പോയി ഇരിക്കു. പ്ലീസ്... പ്ലീസ്... അങ്ങ് അവിടെനിന്ന് ചോദിച്ചാൽ പറയാം. പ്ലീസ്.. മുഖ്യമന്ത്രി സംസാരിക്കുകയാണ്. ദയവായി ഇരിക്കു...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അത്യന്തം നിർഭാഗ്യകരമായ ഒരു സംഭവമാണ് താനൂരിലുണ്ടായത്. അതാണ് ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ചത്. കൊലപാതകവുമായി ബന്ധപ്പെട്ട സാഹചര്യങ്ങളിൽ കുടുംബത്തിന്റെ വിഷമസ്ഥിതിയെല്ലാം അദ്ദേഹം ഇവിടെ വിവരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ എപ്പോഴും അദ്ദേഹം വിവരിച്ച രീതിയിലുള്ള രംഗങ്ങളാണ് ഉണ്ടാക്കുന്നതെന്നത് നാം ഓർക്കേണ്ടതുണ്ട്. ഒരു തരത്തിലുള്ള പ്രോൽസാഹനവും ഇത്തരം സംഭവങ്ങൾക്കുണ്ടാകില്ല എന്നതാണ് ആദ്യമായി വ്യക്തമാക്കാനുള്ളത്. അതോടൊപ്പം ഇതുപോലുള്ള സംഭവങ്ങൾ, അത്

കൊലപാതകമായാലും ആളുകളെ ജീവച്ഛവമാക്കലായാലും പരിക്കേൽപ്പിക്കലായാലും പൂർണ്ണമായും ഒഴിവാക്കേണ്ടതായിട്ടുണ്ട്. അതിന് ഉതകുന്ന സമീപനം എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും സ്വീകരിക്കേണ്ടത് ഏറ്റവും പ്രധാനമാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ നല്ലതുപോലെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നത് വസ്തുതയാണ്. ഇപ്പോൾ താനൂരിലുണ്ടായ സംഭവത്തെ നമ്മുടെ പൊതുസമൂഹവും സർക്കാരും ഗൗരവമായിതന്നെയാണ് കാണുന്നത്. ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾ ആരായാലും അവരെ പരിരക്ഷിക്കുകയെന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നോ പോലീസിന്റെ ഭാഗത്തുനിന്നോ ഉണ്ടാകില്ല. അത്തരം കാര്യങ്ങളിൽ പോലീസിന് നേരത്തെതന്നെ കർശനമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മുഖം നോക്കാതെയുള്ള നടപടി പോലീസിന്റെ ഭാഗത്തുനിന്ന് ഏത് സംഭവത്തിലും ഉണ്ടാകുമെന്നതാണ് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ള കാര്യം. ഇവിടെ നേരത്തെ ഞാൻ സംസാരിക്കുമ്പോൾ പറഞ്ഞ കേസിന്റെ കാര്യങ്ങളിൽ അവിടെയുള്ള ഒരു വസ്തുത ചൂണ്ടിക്കാണിച്ചതാണ്. പ്രാഥമികമായ അന്വേഷണത്തിൽ പോലീസിന്റെ ഒരു നിഗമനമാണ് ഇവിടെ പ്രസ്താവിച്ചത്. നാം കാണേണ്ട ഒരു കാര്യം, നമുക്ക്

നാട്ടിൽ സമാധാനമാണ് ആവശ്യം. സമാധാനപരമായ അന്തരീക്ഷത്തിലാണ് ഏത് കൂട്ടർക്കും അവരുടേതായ രാഷ്ട്രീയ സമീപനങ്ങൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ കഴിയുന്നത്. ആ സമീപനങ്ങൾ ജനങ്ങൾ നല്ല രീതിയിൽ വിശകലനം ചെയ്തുകൊണ്ടാണ് ആരുടെ കൂടെ നിൽക്കണമെന്ന് തീരുമാനിക്കുന്നത്. അതിൽ ഒന്നേ വ്യക്തമാക്കാനുള്ളൂ, ഞങ്ങൾ സമാധാനപരമായ അന്തരീക്ഷം വേണമെന്നാണ് ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞു, എപ്പോഴും സർക്കാരിനും ഭരണപക്ഷത്തിനുമാണ് സമാധാനം പ്രധാനമായും ആവശ്യമെന്ന്. അത് ഞങ്ങൾ എപ്പോഴും മുഖവിലയ്ക്കെടുക്കുന്നുണ്ട്. നാട്ടിൽ സമാധാനം ഉണ്ടാകുകയെന്നത് ഏറ്റവും പ്രധാനമാണ്. സമാധാനപരമായ അന്തരീക്ഷം ഇല്ലെങ്കിൽ നമുക്ക് ജനങ്ങളുടെ മുമ്പിൽ പറയേണ്ട ഒട്ടനവധി കാര്യങ്ങൾ ശാന്തമായി പറയാൻ കഴിയില്ല. ജനങ്ങൾക്ക് അത് കേൾക്കാനും കഴിയില്ല. കാരണം അവരെല്ലാം സംഘർഷത്തിലായിപ്പോകും. ഞങ്ങൾ ആഗ്രഹിക്കുന്നത് അതല്ല. കാരണം, ഒട്ടേറെ കാര്യങ്ങൾ ജനങ്ങളുടെ മുന്നിൽ പറയാനുണ്ട്. ജനങ്ങളെക്കൂടി അണിനിരത്തികൊണ്ട് നമ്മുടെ നാടിന്റെ നല്ല നാളേയ്ക്കും ഭാവിക്കുംവേണ്ടി ഒരുപാട് കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്.

ഇവിടെ അദ്ദേഹം സംസാരിക്കുമ്പോൾ അവിടെ നടന്ന സമാധാന ചർച്ചയെക്കുറിച്ച് പറയുകയുണ്ടായി. സമാധാന ചർച്ച മലപ്പുറം ജില്ലയിലെ എന്നല്ല, കേരളത്തിലെ തന്നെ പ്രമുഖരായ രാഷ്ട്രീയ നേതാക്കൾ പങ്കെടുത്തുകൊണ്ട് നടന്നതാണ്. ചർച്ചയുടെ സ്പിരിറ്റ് പാലിച്ചുപോകാൻ സാധാരണഗതിയിൽ എല്ലാവരും ബാദ്ധ്യസ്ഥരാണ്. അതുമായി ബന്ധപ്പെട്ട നേതൃത്വത്തിന്റെ അണികൾ എന്നുപറയുന്നവർ ഏത് കൂട്ടരായാലും അവർ എല്ലാപേരും അത് പാലിച്ചുപോകാൻ ബാധ്യതയുള്ളവരാണ്. താനൂർ പ്രത്യേകമായി മാറി നിൽക്കേണ്ട കാര്യമില്ല. അതിനുശേഷവും അവിടെ സംഭവങ്ങൾ ഉണ്ടായി എന്നുള്ളതാണ് വസ്തുത. അതെങ്ങനെ വന്നുവെന്നുള്ളത് രണ്ട് കൂട്ടരും ആലോചിക്കണം. വാശിക്കുവേണ്ടി അങ്ങനെ, ഇങ്ങനെ എന്നൊക്കെ പറയും, പക്ഷേ സമാധാന സംഭാഷണത്തിനുശേഷം എങ്ങനെ പിന്നീടും സംഭവങ്ങളുണ്ടായി എന്നതിനെക്കുറിച്ച് രണ്ട് കൂട്ടരും ആലോചിക്കേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ തയ്യാറാവുകയും വേണം. പോലീസിന്റെ നടപടി പോലീസ് സ്വീകരിക്കും. എന്നാൽ അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ നല്ല രീതിയിലുള്ള ഇടപെടൽ രാഷ്ട്രീയ നേതൃത്വങ്ങളുടെ

ഭാഗത്തുനിന്നും ഉണ്ടാകുകയെന്നത് ഏറ്റവും പ്രധാനമാണ്. ഒരു ചെറിയ തെറ്റായ സൂചന ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ ഭാഗത്തുനിന്നുമുണ്ടായി. അത് വേണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. കാരണം 60 വർഷവും മൂന്നര വർഷവും തമ്മിൽ താരതമ്യപ്പെടുത്തി. അത് ഏതിന്റെയോ നേരെയുള്ള പരോക്ഷമായ അമ്പെയ്യലല്ലേ എന്ന് സംശയം. അങ്ങനെയൊരു നില വേണ്ടായിരുന്നു. അവിടെ നടന്ന കാര്യങ്ങൾ നമുക്കെല്ലാം അറിയാം. നേരത്തേ നടന്ന കാര്യങ്ങൾ അറിയാം. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ഈ മൂന്നര വർഷമായി ഇരിക്കുന്ന ആളുടെനേരെ നടന്ന നീക്കങ്ങളും നമ്മുടെയെല്ലാം ശ്രദ്ധയിലുള്ളതാണ്. അങ്ങനെയൊരു പ്രത്യേക രീതി അവിടെയുണ്ട്. അതൊന്നും പ്രോത്സാഹിപ്പിക്കത്തക്കതല്ല. ഏതെങ്കിലുമൊരു കൂട്ടർ ചെയ്യുന്നതാണ് എല്ലാം ശരി എന്നൊരു സമീപനം എടുത്തുപോകേണ്ട. ഇനി എന്തിന്റെയെങ്കിലും തുടർച്ചയുടെ ഭാഗമായാണ് ഈ മൂന്നര വർഷം ചൂണ്ടിക്കാണിച്ചതെങ്കിൽ അത് അങ്ങോട്ട് തുടരാൻ പാടില്ല എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടെയൊരു ആയുധം കണ്ടെടുത്തതിനെപ്പറ്റി പറയുന്നുണ്ട്. ആയുധം കണ്ടെടുത്തുവെന്നത് ശരിയാണ്. പ്രതികളിൽ ചിലരെ കണ്ടെത്താനുണ്ട്. ആ

പ്രതികളെ കണ്ടെത്താനുള്ള ശ്രമം നടത്തുകതന്നെ ചെയ്യും. കളക്ടർ സമാധാന ചർച്ച വിളിച്ചില്ലെന്ന് ഇവിടെ അദ്ദേഹം പറയുകയുണ്ടായി. അത് എന്താണെന്ന് അന്വേഷിക്കാം. പെട്ടെന്നുതന്നെ സമാധാന ചർച്ച വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. അവിടെയൊരു പ്രത്യേക അന്വേഷണ സംഘം വേണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. പ്രത്യേക അന്വേഷണ സംഘത്തെത്തന്നെ നിയോഗിച്ചുകൊണ്ട് അന്വേഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവിൽ അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ സംഘർഷങ്ങൾ താരതമ്യേന കുറഞ്ഞുവരികയാണ്. അത് പ്രോത്സാഹിപ്പിക്കത്തക്ക ഒരു സമീപനവും ഒരു കൂട്ടരുടെയും ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ല. ഏതെങ്കിലും ഉണ്ടാകുന്നുണ്ടെങ്കിൽ അത് കർശനമായി നിയന്ത്രിക്കാൻ ബന്ധപ്പെട്ടവർ നല്ല രീതിയിൽ ഇടപെടുന്ന സ്ഥിതിയുണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. പോലീസ് നിഷ്പക്ഷമായും ഗൗരവമായും അന്വേഷിച്ച് എല്ലാ പ്രതികളെയും കണ്ടെത്തുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ

അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ പൊതുവിലുള്ള ഒരു കീഴ്വഴക്കം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റൂൾ 50 അവതരിപ്പിക്കുമ്പോൾ ബന്ധപ്പെട്ട മണ്ഡലത്തിലെ എം.എൽ.എ.-ക്ക് ഒരു അവസരം കൊടുക്കുക എന്നുള്ളത് നമ്മൾ ഇവിടെ കഴിഞ്ഞ കുറച്ച് കാലമായി പാലിച്ചുവരുന്ന രീതിയാണ്. അത് റൂൾ 50-യോട് ആഡ് ചെയ്യാനാണ്. റൂൾ 50-ൽ പറയുന്ന കൊലപാതകവും അതിലെ പോലീസ് അന്വേഷണവും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഊർജ്ജിതമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുമ്പോൾ റൂൾ 50-യിൽ ബന്ധപ്പെട്ട എം.എൽ.എ.-ക്ക് അനുമതി കൊടുക്കുന്നത് അതിനോട് വല്ലതും ആഡ് ചെയ്ത് പറയാനോ ഇല്ലെങ്കിൽ ആ വിഷയത്തിൽ അദ്ദേഹത്തിന്റെ നിലപാട് പറയാനോ ആണ്. അല്ലാതെ അതിന് മറുപടി പറയാനോ കടകവിരുദ്ധമായ കാര്യങ്ങൾ പറയാനോ അല്ല. എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറിൽ നിന്ന് ഈ കാര്യത്തിൽ ഒരു റൂളിംഗാണ് ആവശ്യം.

<u>മി. സ്പീക്കർ</u>: കൊലപാതകങ്ങൾ പോലെയുള്ള വിഷയങ്ങളെ സംബന്ധിച്ച് റൂൾ 50 പ്രകാരമുള്ള നോട്ടീസിൽ സഭയിൽ ചർച്ച നടക്കുമ്പോൾ സംഭവം നടന്ന

നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾക്ക് സംസാരിക്കാൻ അവസരം നൽകുന്നത് നേരത്തേ മുതലുള്ള നമ്മുടെ സഭയുടെ കീഴ്വഴക്കമാണ്. അത് എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുണ്ട്. അതിൽ ഒരു തരത്തിലുമുള്ള ചട്ട ലംഘനവുമില്ല. എന്നാൽ ബന്ധപ്പെട്ട അംഗം എന്ത് സംസാരിക്കണമെന്നത് ചെയറിന് നിർബന്ധിക്കാൻ കഴിയുന്ന കാര്യമല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഞായറാഴ്ച ഞാൻ ഈ പ്രദേശത്ത് പോയിരുന്നു. കഴിഞ്ഞ കുറേ നാളുകൾക്ക് മുമ്പ് സംഘർഷങ്ങൾ നടന്ന സമയത്തും ഞാനവിടെ പോയതാണ്. ശ്രീ. അബ്ദുറഹിമാൻ എന്റെ പഴയൊരു സുഹൃത്താണ്. അദ്ദേഹത്തിന്റെ ഭാഷ ശരിയായില്ല. ഒരു മരണമുണ്ടാകുമ്പോൾ ആ മരണത്തോടുള്ള പ്രതികരണം അങ്ങനെയാകാൻ പാടില്ലായിരുന്നു. എന്റെ പഴയൊരു സുഹൃത്ത് എന്ന നിലയിലാണ് ഞാൻ അദ്ദേഹത്തോടത് പറയുന്നത്. ദാരുണമായ ഒരു സംഭവം അവിടെയുണ്ടായ സന്ദർഭം എന്താണെന്ന് മുഖ്യമന്ത്രി പറഞ്ഞത് നൂറ് ശതമാനം വാസ്തവ വിരുദ്ധമാണ്. അദ്ദേഹം മുസ്ലീംലീഗ് പ്രവർത്തകന്റെ പേരെടുത്ത് പറഞ്ഞു. കൊലപാതക കേസിൽ ഉൾപ്പെട്ടിട്ടുള്ളത് ഏത് രാഷ്ട്രീയ

പാർട്ടിയുടെ പ്രവർത്തകരാണെന്ന് അദ്ദേഹം പറയേണ്ടതായിരുന്നു. അത് അദ്ദേഹം പറഞ്ഞില്ല. സ്വാഭാവികമായും മുസ്ലീംലീഗ് പ്രവർത്തകന്റെ പേരെടുത്ത് പറയുമ്പോൾ പ്രതികളുടെ രാഷ്ട്രീയ ബന്ധംകൂടി അദ്ദേഹം പറയേണ്ടതായിരുന്നു. മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ ഒരു ആത്മാർത്ഥതയുമില്ലെന്നതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. 2016 ഒക്ടോബർ 9-ന് ഈ സഭയിൽ അദ്ദേഹം നടത്തിയ ഒരു പ്രസംഗമുണ്ട്. അത് നമ്മുടെയെല്ലാം ശ്രദ്ധയിലുള്ളതാണ്. '*ക്രൗര്യംകൊണ്ട് ഒരാളെ ഇല്ലാതാക്കാൻ പറ്റും, എന്നാൽ തിരുത്താൻ പറ്റില്ല*' എന്നുതുടങ്ങുന്ന വാചകങ്ങളാണ്. അതിന് സമാനമായ വാചകങ്ങളാണ് ഇന്നും അദ്ദേഹം ഉന്നയിച്ചത്. ഈ കാര്യങ്ങളെല്ലാം പറയുമ്പോഴും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടയാളുകൾ ആളുകളെ കൊന്നുകൊണ്ടിരിക്കുകയാണ്. 32-ാമത്തെ രാഷ്ട്രീയ കൊലപാതകമാണ് ഈ ഗവൺമെന്റ് വന്നശേഷം ഇപ്പോൾ താനൂരിലൂടെ ഉണ്ടായിരിക്കുന്നത്. ഞാനവിടെ പോയി. അതിന്റെ വിശദാംശങ്ങൾ ഡോ. എം. കെ. മുനീർ പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വളരെ പാവപ്പെട്ട വീടാണ്. വിധവയായ ഉമ്മ, കല്യാണം കഴിക്കാത്ത ഒരു

സഹോദരി. ആ വീടിനാകെ ആശ്രയമായിരുന്ന ഇസ്ഹാഖിനെ കൊല്ലാൻ ഒരു കാരണവുമില്ല. സംഘർഷം നടക്കുമ്പോഴോ അല്ലെങ്കിൽ പെട്ടെന്നൊരു പ്രകോപനമുണ്ടാകുമ്പോഴോ ആണ് കൊന്നതെങ്കിൽ നമുക്ക് മനസ്സിലാകും. പ്രകോപനമില്ലാതെ നടന്ന ഒരു കൊലപാതകമാണ് എന്നുള്ളത് ഗൗരവമർഹിക്കുന്ന കാര്യമാണ്. എല്ലാ നിയമസഭാ സെഷനിലും ഇതുപോലെയുള്ള രാഷ്ട്രീയ കൊലപാതകങ്ങളെപ്പറ്റി അടിയന്തരപ്രമേയം അവതരിപ്പിക്കുകയും വാക്കൗട്ട് പ്രസംഗം നടത്തുകയും ചെയ്യുന്നത് ദുഃഖകരമായ കാര്യമല്ലേ. നിരന്തരമായ രാഷ്ട്രീയ കൊലപാതകങ്ങൾ, കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേരളം ഭരിക്കുന്ന പാർട്ടിയും തമ്മിലുള്ള സംഘർഷങ്ങൾ. ഈ വർഷവും ഫെബ്രുവരിയിലാണ് പെരിയയിൽ യൂത്ത് കോൺഗ്രസിന്റെ രണ്ട് ചുണക്കുട്ടന്മാരായ കൃപേഷിനെയും ശരത്ലാലിനെയും സി.പി.ഐ.(എം)കാർ മൃഗീയമായി കൊന്നത്. അതിന് ഒരു വർഷം മുമ്പാണ് 2018 ഫെബ്രുവരിയിൽ മട്ടന്നൂരിലെ ഷുഹൈബിന്റെ ദാരുണമായ കൊലപാതകമുണ്ടായത്. അങ്ങനെ എത്രയെത്ര കൊലപാതകങ്ങളാണ് ഇവിടെ നടക്കുന്നത്. കൊലക്കത്തികൾ താഴെയിടാൻ എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ അനുയായികളോട് ആവശ്യപ്പെടുന്നില്ല. അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങൾ

അവരോട് പറഞ്ഞാൽപ്പോരേ. നിയമസഭയിൽ ഇന്ന് മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ പാർട്ടിയുടെ പ്രവർത്തക യോഗങ്ങളിലോ നേതാക്കളെയോ വിളിച്ച് പറഞ്ഞാൽ ഈ കൊലപാതകങ്ങൾ അവസാനിക്കില്ലേ. എത്ര കൊന്നാലും രക്തദാഹം തീരാത്ത പാർട്ടിയായി സി.പി.ഐ.(എം) മാറിയിരിക്കുന്നുവെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുണ്ടായ 32 രാഷ്ട്രീയ കൊലപാതകങ്ങളിൽ 19-ഉം സി.പി.ഐ.(എം)കാരാണ് പ്രതികൾ. ആർ.എസ്.എസ്. - ബി.ജെ.പി.-ക്കാർ-6; എസ്.ഡി.പി.ഐ.-1; സി.പി.ഐ.-1. 32 രാഷ്ട്രീയ കൊലപാതകങ്ങളിൽ 19-ലും പ്രതികൾ സി.പി.ഐ.(എം)കാരെന്ന് പറയുമ്പോൾത്തന്നെ...., സംസ്ഥാനം ഭരിക്കുന്ന പാർട്ടിയായതുകൊണ്ട് ഞങ്ങൾക്ക് ഉത്തരവാദിത്വം കൂടുതലുണ്ടെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. ആ ഉത്തരവാദിത്വ ബോധമുണ്ടായിരുന്നെങ്കിൽ 19 രാഷ്ട്രീയ കൊലപാതകങ്ങൾ സി.പി.ഐ.(എം) എന്നുപറയുന്ന പാർട്ടിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടക്കുമോ? നിസ്സാര കാര്യങ്ങൾക്കുവേണ്ടി കൊലപാതകങ്ങൾ നടക്കുന്നു. പറഞ്ഞുതീർക്കാൻ കഴിയുന്ന നിസ്സാരകാര്യങ്ങളിൽപ്പോലും കൊലപാതകത്തിലേക്ക് നീങ്ങുന്ന ഒരു ശൈലി സ്വീകരിക്കുന്ന പാർട്ടിയെ

തിരുത്താനല്ലേ മുഖ്യമന്ത്രി ആദ്യം ശ്രമിക്കേണ്ടത്; അതിന് അദ്ദേഹം തയ്യാറുണ്ടോ? ഷുഹൈബിന്റെയും ശരത്‌ലാലിന്റെയും കൃപേഷിന്റെയും കാര്യത്തിൽ സംഭവിച്ചത് അതാണ്. താനൂരിൽ അഞ്ചുടിയിൽ ഇസ്ഹാഖ് എന്ന യുവാവ്, ഒരു മത്സ്യത്തൊഴിലാളി യായിരുന്നു, വൈകിട്ട് പള്ളിയിലേക്ക് പോകുന്ന വഴിയാണ് ഈ ദാരുണമായ സംഭവമുണ്ടാകുന്നത്. വ്യക്തമായ ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടെന്നത് വ്യക്തമാണ്. അങ്ങേയ്ക്കറിയാം, നേരത്തേ അവിടെ സി.പി.ഐ.(എം)-മുസ്ലീംലീഗ് സംഘർഷങ്ങളുണ്ടായിരുന്നു. അത് കഴിഞ്ഞ് സമാധാന യോഗങ്ങളുണ്ടായി. എല്ലാവരും സഹകരിച്ചു. പ്രശ്നങ്ങളില്ലാത്ത ഒരു അവസ്ഥയിലേക്ക് ആ പ്രദേശം മാറുകയായിരുന്നു. അവിടെ നിലനിൽക്കുന്ന സമാധാനപരമായ അന്തരീക്ഷം ഇല്ലാതാക്കാൻ നടത്തിയ ശ്രമങ്ങൾ എങ്ങനെ നമുക്ക് അംഗീകരിക്കാൻ കഴിയും? നേരത്തേ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതാണ്, അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. ഈ സംഭവം നടക്കുന്നതിന് ഒരാഴ്ച മുമ്പ് ശ്രീ. പി. ജയരാജൻ ആ പ്രദേശം സന്ദർശിച്ചു. അദ്ദേഹം എന്തിനാണ് അവിടെ പോയതെന്ന് എനിക്കറിയില്ല. ഏതായാലും അതിന് ശേഷമാണ് കൗണ്ട്ഡൗൺ പോലെ...,

അവിടെച്ചെന്ന എനിക്ക് മൊബൈൽ ഫോണിലൂടെ കാണിച്ചുതന്നതാണ്. ശ്രീ. പി. ജയരാജന്റെ സന്ദർശനത്തിനുശേഷം കൗണ്ട്ഡൗൺ തുടങ്ങുകയാണ്. ആ കൗണ്ട്ഡൗൺ അവസാനിച്ച ദിവസമാണ് പാവപ്പെട്ട ഇസ്ഹാഖിനെ കൊന്നത് എന്നുള്ളത് ഗൗരവപൂർവ്വമായ ഒരു കാര്യമല്ലേ. ആ കാര്യംകൂടി അന്വേഷിക്കേണ്ടേ. സാമൂഹ്യ മാധ്യമങ്ങൾവഴി പ്രചരിച്ച..., കൗണ്ട്ഡൗൺ തീരുന്ന ദിവസമാണ് ഈ കൊലപാതകമുണ്ടായത്. ശ്രീ. പി. ജയരാജൻ മരണത്തിന്റെ ഏജന്റായി മാറുകയാണോ, മരണദൂതനായി മാറുകയാണോയെന്ന് സംശയമുണ്ട്. ആ സംശയ ദൂരീകരണത്തിന് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് മറുപടിയുണ്ടാകുമെന്ന് കരുതി. അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല. നിരവധി കൊലപാതക കേസുകളിൽ അദ്ദേഹം പ്രതിയാണ്. അരിയിൽ ഷുക്കൂർ, കതിരൂർ മനോജ് ഉൾപ്പെടെ നിരവധി സി.ബി.ഐ. അന്വേഷിക്കുന്ന കേസുകളിലെ പ്രതിയാണ്. ശ്രീ. പി. ജയരാജൻ സന്ദർശനം നടത്തിയപ്പോൾ പ്രതികളുടെ കൂടെ എടുത്ത ഫോട്ടോ ഇവിടെ കാണിച്ചു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ സംസാരിച്ചതിനുശേഷം അങ്ങേയ്ക്ക് പറയാം.

മി. സ്പീക്കർ: അദ്ദേഹം സംസാരിച്ചു തീർന്നോട്ടെ...

ശ്രീ. രമേശ് ചെന്നിത്തല: ഇതിന്റെ പിന്നിലുള്ള വ്യക്തമായ ഗൂഢാലോചനകൂടി അന്വേഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇതിന്റെ പിന്നിൽ വ്യക്തമായ ഗൂഢാലോചനയുണ്ട്. ഇതിന്റെ കാര്യം.......(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾക്ക് സംശയമാണ്. ഞങ്ങൾക്ക് അറിയില്ല. ശ്രീ. പി. ജയരാജനുണ്ടോ, ഇല്ലയോ എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹം അവിടെ പോയതിനുശേഷം.....

ശ്രീ. എ. എൻ. ഷംസീർ: സർ, സഭയിലില്ലാത്ത ആളുകളുടെ പേര് പറയാൻ പാടില്ല.....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുക, അല്ലാതെ എണീറ്റു നിന്ന് വെറുതേ ഓരോന്ന് വിളിച്ച് പറയലല്ല. അവിടെ ഇരിക്കൂ.....(ബഹളം)...

ശ്രീ. രമേശ് ചെന്നിത്തല: അവിടെ ചെന്ന സന്ദർഭത്തിൽ ഞങ്ങളോട് അവർ പറഞ്ഞതാണ്. ശ്രീ. പി. ജയരാജന് അതിൽ ഉത്തരവാദിത്വമുണ്ടെന്ന്

ഞാൻ പറഞ്ഞില്ല. അവിടെ ആളുകൾ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ സന്ദർശനത്തിനുശേഷമാണ് കൗണ്ട്ഡൗൺ തുടങ്ങുന്നത്. ഈ സംഭവമുണ്ടായി, പങ്കുണ്ടോ ഇല്ലയോ എന്നത് പോലീസ് അന്വേഷിക്കട്ടെ. അല്ലെങ്കിൽ മറ്റ് ഏജൻസികൾ അന്വേഷിക്കട്ടെ. നിരന്തരമായ ഇത്തരം കൊലപാതകങ്ങൾ നടത്താൻ എന്തിനാണ് മാർക്സിസ്റ്റ് പാർട്ടി മുന്നോട്ടുവരുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ.... ഞാനൊന്ന് ചോദിക്കട്ടെ, ഈ ഗവൺമെന്റ് ആരോടൊപ്പമാണ്; ഇരകളോടൊപ്പമല്ല എന്നുള്ളത് വ്യക്തമാണ്. വാളയാറിലെ സംഭവം മുതൽ പരിശോധിച്ചാൽ അത് കാണാൻ കഴിയും. ശരത്‌ലാലിന്റെയും കൃപേഷിന്റെയും കൊലപാതകത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി എന്താണ് പറഞ്ഞത്? ഹൈക്കോടതി കുറ്റപത്രം റദ്ദാക്കി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞു, ഈ കുറ്റപത്രവുമായി പോയാൽ പ്രതികൾ മുഴുവൻ രക്ഷപ്പെടും. നിഷ്ഠൂരമായ കൊലപാതകം നടത്തിയിട്ട് ആ കൊലപാതക കേസിലെ പ്രതികളെ രക്ഷിക്കാൻ വേണ്ടി പ്രതികളുടെ ബന്ധുക്കളെ സാക്ഷികളാക്കിയ കുറ്റപത്രം ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കി. എന്നിട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അന്വേഷണം സി.ബി.ഐ.-ക്ക് വിട്ടു. ഈ ഗവൺമെന്റ് ചെയ്തത് എന്താണ്? ഈ ഗവൺമെന്റ് അതിൽ അപ്പീലിന്

പോവുകയാണ്. എന്റെ കയ്യിൽ ഒരു ഓർഡർ ഉണ്ട്. 28-10-2019-ലെ ഓർഡറാണ്. അപ്പീൽ പോകുന്ന ഈ കേസിൽ വാദിക്കുന്നതിനുവേണ്ടി ശ്രീ. രഞ്ജിത് കുമാർ, സീനിയർ അഡ്വക്കേറ്റ്, ഫോർമർ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ-യ്ക്കുവേണ്ടി 25 ലക്ഷം രൂപ ഫീസ് കൊടുക്കാൻ വേണ്ടിയുള്ള ഗവൺമെന്റ് ഉത്തരവാണിത്. ഇന്ത്യയുടെ സോളിസിറ്റർ ജനറലായിരുന്ന ശ്രീ. രഞ്ജിത് കുമാറിനെ കൊണ്ടുവന്ന് കൃപേഷിനെയും ശരത് ലാലിനെയും കൊന്ന പ്രതികളെ രക്ഷിക്കുന്ന നാണംകെട്ട മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നത്. ഇത് നാണംകെട്ട നടപടിയാണ്. പാവപ്പെട്ട രണ്ട് ചെറുപ്പക്കാരെ കൊന്ന പ്രതികളെ സംരക്ഷിക്കാൻ വേണ്ടി കേരളത്തിന്റെ ഖജനാവിൽനിന്നും 25 ലക്ഷം രൂപ നൽകുന്ന നാണംകെട്ട പ്രവർത്തനമാണ് നടക്കുന്നത്. ഇതിനകത്ത് ആത്മാർത്ഥതയില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇവിടെ മുഖ്യമന്ത്രിയുടെ പ്രസംഗം. ഇന്ത്യയുടെ സോളിസിറ്റർ ജനറലിനെ കേരളത്തിൽ കൊണ്ടുവന്ന് കൃപേഷ്, ശരത് ലാൽ എന്നീ രണ്ട് ചെറുപ്പക്കാരെ കൊന്ന മാർക്സിസ്റ്റ് പാർട്ടിക്കാരായ പ്രതികളെ രക്ഷിക്കുന്നതിനുവേണ്ടി തുക ചെലവഴിക്കുന്നു. അങ്ങയുടെ പ്രസംഗത്തിൽ ഒരു ആത്മാർത്ഥതയുമില്ല. ഇന്ന് കേരളം കണ്ടത്, ആറാമത്തെ നക്സലൈറ്റുകളെയാണ് നിങ്ങൾ

വെടിവച്ചുകൊന്നത്. നക്സൽ പ്രസ്ഥാനങ്ങളോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി കേരളം ഭരിക്കുമ്പോൾ ആറാമത്തെ നക്സലൈറ്റിനെയാണ് വെടിവച്ച് കൊന്നത്. ഒരു ഫേക്ക് എൻകൗണ്ടറാണെന്ന് പറയുന്നുണ്ട്. മാവോയിസ്റ്റാണെങ്കിൽ ഫേക്ക് എൻകൗണ്ടറിലൂടെ വെടിവച്ച് കൊല്ലുമോ? ഞാൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ പഴയ കാലത്തെ സി.പി.ഐ. നേതാക്കന്മാരായിരുന്ന രൂപേഷിനെയും ഷൈനിയെയും കോയമ്പത്തൂരിൽ വച്ച് ആന്ധ്രാ-കർണ്ണാടക-തമിഴ്നാട് പോലീസിന്റെ നിരീക്ഷണത്തിൽ ഞങ്ങൾ കയ്യോടെ പിടിച്ച് ജയിലിൽ അടയ്ക്കുകയാണ് ചെയ്തത്. ഞങ്ങൾ വെടിവച്ച് കൊന്നില്ല. ആറാമത്തെ മാവോയിസ്റ്റിനെയാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ഭരിക്കുമ്പോൾ വെടിവച്ച് കൊന്നത്. ഈ നാട്ടിൽ ഫേക്ക് എൻകൗണ്ടറുകളും രാഷ്ട്രീയ കൊലപാതകങ്ങളും നടക്കുന്നു. നിരപരാധികളെ മുഴുവൻ വെട്ടിക്കൊല്ലുന്നു. ഈ രാഷ്ട്രീയ കൊലപാതകങ്ങൾ നിർത്താതിരിക്കുന്നതിന്റെ കാരണം ഗവൺമെന്റിന്റെയും പോലീസിന്റെയും സമീപനമാണ്. ഈ നാട്ടിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാട്ടിൽ സമാധാനമാണെന്ന് പറഞ്ഞു. അങ്ങ് പത്രം വായിക്കണം. ഓരോ ദിവസവും നടക്കുന്ന അക്രമങ്ങൾ,

കൊലപാതകങ്ങൾ, പിടിച്ചുപറികൾ, പീഡനങ്ങൾ, കുട്ടികൾക്കെതിരായ പീഡനങ്ങൾ ഇതെല്ലാം ഈ കേരളത്തിൽ നടക്കുന്നു. ഓരോ സംസ്ഥാനത്തുമുള്ള കണക്കുകൾ എപ്പോഴും അദ്ദേഹം പറയുകയാണ്. പക്ഷേ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് രാഷ്ട്രീയ കൊലപാതകങ്ങൾ. മുസ്ലീംലീഗ് പ്രവർത്തകരെ നിഷ്ഠൂരമായി വെട്ടിക്കൊന്നിട്ടും അവർക്ക് യാതൊരു സഹായവും കൊടുത്തില്ല; ഇത്രയും പറയുന്ന മുഖ്യമന്ത്രി ആ കുടുംബത്തിനുവേണ്ടി ഒരു സഹായധനം പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതി. അതൊടൊപ്പംതന്നെ അതിലെ ഗൂഢാലോചന അന്വേഷിക്കുമെന്ന് പറഞ്ഞു. പക്ഷേ ഗൂഢാലോചനപോലും അന്വേഷിക്കാൻ തയ്യാറാകുന്നില്ല. അതുപോലെതന്നെ ഈ പ്രതികളെ സംരക്ഷിക്കാനുള്ള നീക്കങ്ങൾ നടക്കുന്നു. ഇതുവരെ പ്രതികളെ മുഴുവൻ പിടിച്ചിട്ടില്ല. ഈ കേസ് തേയ്ച്ചുമായ്ച്ചു കളയാനും പ്രതികളെ സംരക്ഷിക്കാനുമുള്ള ബോധപൂർവ്വമായ നീക്കം നടക്കുന്നു. അതിനെതിരെ ശക്തമായ ....

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഈ പ്രസംഗങ്ങളും സമീപനങ്ങളും സമാധാന അന്തരീക്ഷം തകർക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള

അങ്ങയുടെ സമീപനമല്ലേ? ഇവിടെ മുഖ്യമന്ത്രി ഈ സംസ്ഥാനത്തിന്റെ സമാധാനം കാത്തുസൂക്ഷിക്കാൻ ആവശ്യമായ ഇടപെടൽ നടത്തണം എന്ന നിലയിലുള്ള സമീപനത്തെ നിരാകരിച്ചുകൊണ്ട് അക്രമങ്ങളെ പ്രോത്സാഹിപ്പിക്കാനല്ലേ അങ്ങയുടെ നിലപാട് ഉപകരിക്കുകയുള്ളൂ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു, ഏത് സമാധാന ശ്രമങ്ങൾക്കും ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. പക്ഷെ പറയുന്നതിൽ ആത്മാർത്ഥതയുണ്ടാകണം. നിങ്ങൾ ഓരോ വാക്കുപറയുന്നു. നിങ്ങൾക്ക് പറയുന്നതിൽ ആത്മാർത്ഥതയില്ല. മുഖ്യമന്ത്രിയുടെ പ്രസംഗം ഞാൻ ഇവിടെ വായിച്ചു. ഈ സഭയിൽ നടത്തിയ പ്രസംഗമാണ്. സമാനമായ പ്രസംഗമാണ് ഇന്നും നടത്തിയത്. പക്ഷേ പിറ്റേദിവസം മുതൽ അനുയായികൾ കൊലക്കത്തിയെടുത്തുകൊണ്ട് രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്നുവെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. അതാണ് ഞാൻ പറഞ്ഞത്. പറയുന്നതിനോട് ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടാകണം, പറയുന്നതിനോട് മുഖ്യമന്ത്രിക്ക് ആത്മാർത്ഥതയുണ്ടാകണം. ഇല്ലെങ്കിൽ നാട്ടിൽ കലാപങ്ങളും

കുഴപ്പങ്ങളുമുണ്ടാകും. നിങ്ങൾക്കാണ് കൂടുതൽ ഉത്തരവാദിത്വം. മുഖ്യമന്ത്രി അതംഗീകരിച്ചു. നിങ്ങളാണ് ഭരിക്കുന്ന ആളുകൾ. ഞങ്ങളെവിടെയാണ് സമാധാനത്തിന് സഹകരിക്കാതിരുന്നത്? ഇവിടെ ഡോ. എം. കെ. മുനീർ പറഞ്ഞില്ലേ എല്ലാ സമാധാനശ്രമങ്ങൾക്കും ഞങ്ങൾ സഹകരിക്കും. താനൂരിലുണ്ടായ സംഭവത്തിൽ സമാധാനശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായാൽ ഞങ്ങൾ വീണ്ടും സഹകരിക്കും. പക്ഷെ ഗവൺമെന്റിന്റെ ഈ സമീപനം ശരിയല്ല. നാട്ടിൽ അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിക്കുന്നു. അതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. അന്വേഷണം ഫലപ്രദമായ നിലയിൽ മുന്നോട്ടുപോകാത്തതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)